# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

16.12.2014 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 332

## സഹകരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. കെ. ദാസൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പൊതു വിപണിയിൽ ഇടപെടുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സഹകരണ ബാങ്ക് നൽകിയ വായ്പ തിരിച്ച നൽകാത്തതിന്റെ പേരിൽ സംസ്ഥാന സഹകരണ ബാങ്ക് നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സംസ്ഥാന സഹകരണ ബാങ്ക് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളായ കയർഫെഡ്, മാർക്കറ്റ്ഫെഡ്, റബ്ബർ മാർക്ക്, കൺസ്യൂമർഫെഡ്, റബ്കോ, ഹാന്റക്സ് എന്നിവയ്ക്ക് നൽകിയ വായ്പകൾ നിഷ്ക്രിയാസ്തിയായി മാറുകയും ആയത് ബാങ്കിന്റെ സഞ്ചിത നഷ്ടം വർദ്ധിക്കുന്നതിന് ഇടയാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്കിന് ഇത് സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയിട്ടില്ല. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) സഹകരണ സ്ഥാപനങ്ങൾ അടക്കമുള്ളവർക്ക് നൽകിയ വായ്പയിന്മേലുള്ള കുടിശ്ശിക ഈടാക്കുന്നതിനായി ബാങ്ക് ആർബിട്രേഷൻ/ സെക്യൂരിറ്റൈസേഷൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) വിപണി ഇടപെടലിന് പണം ലഭ്യമാകാതെ കൺസ്യൂമർഫെഡ് പോലുള്ള സഹകരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>മുൻ സർക്കാരിന്റെ കാലത്ത് കൊടുത്തു തീർക്കേണ്ടിയിരുന്ന ബാധ്യത 255.03 കോടി രൂപ ഉൾപ്പെടെ ലഭ്യമാക്കാതിരുന്നത് കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിരുന്നു. കൺസ്യൂമർ ഫെഡറേഷൻ സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ കുടിശ്ശികയായതും |

ബാങ്കുകൾ പുതിയ വായ്പ ലഭ്യമാക്കാത്തതിനാലും നീതി, ത്രിവേണി സ്റ്റോറുകളിൽ സ്റ്റോക്കുകൾ എത്തിക്കുന്ന വിതരണക്കാർക്ക് യഥാസമയം തുകകൾ ലഭ്യമാക്കാത്തതും വിതരണക്കാർ വിൽപ്പനയ്ക്കാവശ്യമായ സ്റ്റോക്ക് മതിയായ അളവിൽ യഥാസമയം എത്തിക്കാത്തതും കൺസ്യൂമർഫെഡറേഷന്റെ വിപണി ഇടപെടലിന് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) സഹകരണ സ്ഥാപനങ്ങൾക്ക് തുടർന്നും വിപണി ഇടപെടലിനും ലോൺ സംഖ്യകളുടെ തിരിച്ചടവിനും പണം ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

(ഡി) കൺസ്യൂമർഫെഡറേഷന് വിപണി ഇടപെടലിന്റെ ഭാഗമായി മുൻസർക്കാർ നൽകാൻ ഉണ്ടായിരുന്ന ബാധ്യത ഉൾപ്പെടെ 229.50 കോടി രൂപ (ഇരുന്നൂറ്റി ഇരുപത്തി ഒമ്പത് കോടി അമ്പത് ലക്ഷം രൂപ) ഈ സർക്കാരിന്റെ കാലയളവിൽ നൽകിയിട്ടുണ്ട്. ഇതിന് പുറമെ, ഫെഡറേഷന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ എൻ.സി.ഡി.സി. ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ